കൈത്തറി രംഗത്തെ പ്രതിസന്ധികൾ

27 (548)ശ്രീ എൻ അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി രംഗത്തെ നിലവിലുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് അടിയന്തിരമായി കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച് ഒരു റിപ്പോർട്ട് വ്യവസായ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് വിശദമാക്കാമോ;

(ഡി) കൈത്തറി രംഗത്തെ ഗുരുതരമായ പ്രതിസന്ധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന് അടിയന്തിരമായി എന്തൊക്കെ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ കൈത്തറി വ്യവസായത്തിന്റെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനും നിയമിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി,സി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്

(ഡി,ഇ) പ്രൈമറി സംഘങ്ങൾക്കും അപ്പെക്സ് സംഘങ്ങൾക്കും കൊടുത്തു തീർക്കുവാനുണ്ടായിരുന്ന റിബേറ്റ്, ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന തുകയ്ക്ക് പുറമേ ഫണ്ട് കൂടുതലായി നൽകി 1995-96 വർഷത്തിനു ശേഷം ആകെ 34.39 കോടി രൂപ വിതരണം ചെയ്ത് 1997-98 വരെയുണ്ടായിരുന്ന കുടിശ്ശിക തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ പൂർണ്ണമായും കൊടുത്തു തീർത്തു. ബാക്കിയുള്ള കുടിശ്ശിക ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്. ഇതുകൂടാതെ എം.ഡി.എ. ഇനത്തിൽ 38.79 കോടി രൂപ വിതരണം ചെയ്തു. പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് ആവശ്യമായ വായ്പ ലഭ്യമാക്കുംവിധം അവയുടെ ഓഹരി പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഹാന്റെക്സ്, ഹാൻവീവ് തുടങ്ങിയ സംഘങ്ങൾ വഴി ദേശീയ അന്തർദേശീയ വിപണികൾ പിടിച്ചെടുക്കാൻ പര്യാപ്തമായ തുണിത്താങ്ങൾ നിർമ്മിക്കുന്നതിനും വേണ്ട സാമ്പത്തിക സഹായം നൽകിവരുന്നു. കൈത്തറി തൊഴിലാളികളുടെ ക്ഷേമത്തിനായി ഇൻഷ്വറൻസ്, ആരോഗ്യപരിപാലനം എന്നിവയ്ക്കാവശ്യമായ പദ്ധതികളും നടപ്പിലാക്കിവരുന്നു.

കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ് തുക

28 (548)പ്രൊഫ. എ വി താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങൾക്ക് യഥാസമയം റിബേറ്റുതുക സർക്കാർ നൽകാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly